LIBRARY ARCHIVES Kerala Legislative Assembly

ചടയമംഗലം മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്കായിട്ടുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

182 (8242) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായിട്ടുള്ള വ്യക്തിഗത ആനുകൂല്യം എത്ര പേർക്ക് ലഭിച്ചുവെന്നും ഇതിനായി എത്രയുക നൽകിയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 11535 പേർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയ ഇനത്തിൽ ആകെ 671.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	ആനുകൂല്യം ലഭിച്ചവരുടെ എണ്ണം	യുക (ലക്ഷത്തിൽ)
2011-12	3435	131.38
2012-13	3883	212.97
2013-14	4217	327.56
ആകെ	11535	671.91

ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതിവകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതി

183 (8243) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസനപദ്ധതികൾ ഏതെല്ലാമെന്നും എത്രയുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?